**മഹാത്മാഗാന്ധി സർവ്വകലാശാല**
**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2022 ഒക്ടോബർ 29

# വാർത്താക്കുറിപ്പ്

---

## പ്രൊഫ. സാബു തോമസ് യു.സി.ആർ.ഡി അഡ്ജംഗ്റ്റ് പ്രൊഫസർ

മഹാത്മാ ഗാന്ധി സർവകലാശാലാ വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് ചണ്ഡിഗഡ് യൂണിവേഴ്സിറ്റിയുടെ സെന്റർ ഫോർ റിസർച്ച് ആൻറ് ഡവലപ്മെൻറിൽ(യു.സി.ആർ.ഡി) അഡ്ജംഗ്റ്റ് പ്രൊഫസറായി പ്രവർത്തിക്കും.

പോളിമെർ സയൻസ് പഠന ഗവേഷണ മേഖലകളിൽ നൽകിയ സംഭാവനകൾ പരിഗണിച്ചാണ് ചണ്ഡിഗഡ് യൂണിവേഴ്സിറ്റി ഇദ്ദേഹത്തിന് ഹോണററി പദവി നൽകിയത്.

യു.സി.ആർ.ഡിയിൽ വിദഗ്ധ പ്രഭാഷണങ്ങൾ നടത്തുന്ന പ്രൊഫ. സാബു തോമസ് ഗവേഷണ പദ്ധതികൾ, പേറ്റന്റ് നടപടികൾ, ഉപദേശക സമിതികൾ, പബ്ലിക്കേഷനുകൾ എന്നിവയിൽ സഹകരിക്കുകയും ചെയ്യും.

(പി.ആർ.ഒ./39/1548/2022)

## പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് അപേക്ഷിക്കാം

മഹാത്മാഗാന്ധി സർവകലാശാലയിൽ 2022 വർഷത്തേക്ക് സോഷ്യൽ സയൻസസ് വകുപ്പിൽ പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പിന് (മുഴുവൻ സമയ ഗവേഷകർക്ക്) ഒക്ടോബർ 31 വൈകുന്നേരം അഞ്ചു വരെ അപേക്ഷ സമർപ്പിക്കാം.

(പി.ആർ.ഒ./39/1549/2022)

## പ്രാക്ടിക്കൽ

ഈ വർഷം മെയ് മുതൽ ഓഗസ്റ്റ് വരെ നടന്ന ഒന്നു മുതൽ എട്ടു വരെ സെമസ്റ്റർ ബി.ടെക് മെക്കാനിക്കൽ എൻജിനീയറിംഗ്, ഓട്ടോമൊബൈൽ എൻജിനീയറിംഗ് (പഴയ സ്കീം, 1997 മുതൽ 2009 വരെ അഡ്മിഷനുകൾ മെഴ്സി ചാൻസ്) പരീക്ഷകളുടെ പ്രാക്ടിക്കൽ പരീക്ഷകൾ നവംബർ ഏഴിന് കറുകുറ്റി എസ്.സി.എം.എസ്. സ്കൂൾ ഓഫ് എൻജിനീയറിംഗ് ആൻഡ് ടെക്നോളജിയിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

………………………………………

മൂന്നാം സെമസ്റ്റർ ബി.വോക്. സോഫ്റ്റ്വെയർ ഡെവലപ്പ്മെന്റ് ആൻഡ് സിസ്റ്റം അഡ്മിനിസ്ട്രേഷൻ (പുതിയ സ്കീം - 2020 അഡ്മിഷൻ റഗുലർ, 2019,2018 അഡ്മിഷൻ റീ-അപ്പിയറൻസ്, ഇംപ്രൂവ്മെന്റ് ഓഗസ്റ്റ് 2022) ബിരുദ

പരീക്ഷയുടെ പ്രാക്ടിക്കൽ (എ.ഒ.സി.) പരീക്ഷകൾ ഒക്ടോബർ 31 മുതൽ മാറമ്പള്ളി എം.ഇ.എസ്. കോളജിൽ നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ.

(പി.ആർ.ഒ./39/1550/2022)

## വൈവ വോസി

നാലാം സെമസ്റ്റർ എം.എ. സോഷ്യോളജി പ്രൈവറ്റ് രജിസ്ട്രേഷൻ (2016 മുതൽ 2018 വരെ അഡ്മിഷൻ സപ്ലിമെന്ററി, 2014,2015 അഡ്മിഷൻ മെഴ്സി ചാൻസ് ഓഗസ്റ്റ് 2022) പരീക്ഷയുടെ വൈവ വോസി പരീക്ഷ നവംബർ മൂന്നിന് നടക്കും. ടൈം ടേബിൾ വെബ്സൈറ്റിൽ

(പി.ആർ.ഒ./39/1551/2022)

## പരീക്ഷാഫലം

നാലാം സെമസ്റ്റർ ത്രിവത്സര യൂണിറ്ററി എൽ.എൽ.ബി. (2019 അഡ്മിഷൻ റഗുലർ, 2018 അഡ്മിഷൻ സപ്ലിമെന്ററി, ത്രിവത്സര എൽ.എൽ.ബി. 2015 മുതൽ 2017 വരെ അഡ്മിഷനുകൾ സപ്ലിമെന്ററി, 2014 അഡ്മിഷൻ ഒന്നാം മെഴ്സി ചാൻസ്, 2013 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്, 2013 നു മുൻപുള്ള അഡ്മിഷൻ മൂന്നാം മെഴ്സി ചാൻസ് ജൂൺ 2022) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.

പുനർമൂല്യനിർണയത്തിനും സൂക്ഷ്മ പരിശോധനയ്ക്കും നിശ്ചിത ഫീസ് സഹിതം നവംബർ 14 നകം പരീക്ഷാ കൺട്രോളറുടെ കാര്യാലയത്തിൽ അപേക്ഷ നൽകാം.

(പി.ആർ.ഒ./39/1552/2022)

**പബ്ലിക് റിലേഷൻസ് ഓഫീസർ**